**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1648** **28-07-2021 - ൽ മറുപടിയ്ക്ക്**

**റേഷൻകടകളിലെ പരിഷ്കാരങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തെല്ലാം; വിശദമാക്കുമോ; | (എ) | സർക്കാർ നടപ്പിൽ വരുത്തുന്ന, ഭക്ഷ്യ പൊതുവിതരണവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ ഉൾപ്പെടുന്ന പോസ്റ്ററുകൾ എല്ലാ റേഷൻകടകളിലും പൊതുജനങ്ങൾ കാണത്തക്കവിധം പതിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മുൻഗണനാ പട്ടികയിൽ കടന്നുകൂടിയ അനർഹരെ കണ്ടെത്തുന്നതിനുള്ള തീവ്രയത്നത്തിന്റെ ഭാഗമായി ഈ സർക്കാരിന്റെ കാലയളവിൽ 15/07/2021 വരെ 1.2 ലക്ഷം അനർഹരെ കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ട്. ഓണത്തിനോട് അനുബന്ധിച്ച് സ്പെഷ്യൽ കിറ്റ് റേഷൻ കടകൾ മുഖേന കൂടുതൽ കാര്യക്ഷമമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. കൂടാതെ കോവിഡ് 19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും, സെയിൽസ്മാൻമാർക്കും ഇൻഷ്വറൻസ് പരിരക്ഷ എർപ്പെടുത്തുകയുണ്ടായി. |
| (ബി) | റേഷൻകടകളിലെ ഇ-പോസ് മെഷീനുകളുടെ സെർവർ സംബന്ധമായ പരാതികൾ പരിഹരിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികൾ കൈക്കൊണ്ടുവെന്ന് വ്യക്തമാക്കുമോ; | (ബി) | ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണം പൊതുവെ മുടക്കം കൂടാതെ നടന്നുവരുന്നു. എന്നാൽ അപൂർവ്വമായി മെഷീനിൽ ഉപയോഗിക്കുന്ന സിം കാർഡുകളിൽ നെറ്റ് വർക്ക് ലഭ്യമാകാതെ വരുമ്പോഴോ, ആധാർ സെർവ്വറുമായി കണക്ഷൻ ലഭ്യമാകാതെ വരുമ്പോഴോ ചുരുങ്ങിയ സമയത്തേക്ക് റേഷൻ വിതരണം മുടങ്ങുന്ന സാഹചര്യം ഉണ്ടാകാറുണ്ട്. ആയത് പരിഹരിക്കുന്നതിനായി മൊബൈൽ സേവനദാതാക്കളായ വോഡഫോൺ- ഐഡിയ, ബി.എസ്.എൻ.എൽ, എയർടെൽ എന്നിവരുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ആധാർ യൂസർ ഏജൻസിയുടെ (AUA) സെർവ്വറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് തകരാർ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി NICയുടെ |

| | | | |
|---|---|---|---|
| | | | AUA സെർവ്വർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ഇപ്രകാരം ഇ-പോസ് മെഷീൻ മുഖേനയുള്ള റേഷൻ വിതരണത്തിൽ തടസ്സമുണ്ടാകുന്നത് പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | റേഷൻ വ്യാപാരി മരണമടഞ്ഞാൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നിലവിൽ സർക്കാർ തലത്തിൽ നല്കിവരുന്നത്; പുതുതായി എന്തെങ്കിലും ആനുകൂല്യം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (സി) | റേഷൻ വ്യാപാരി ക്ഷേമനിധിയിലെ നിലവിലെ പദ്ധതി പ്രകാരം കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗങ്ങളായ റേഷൻ വ്യാപാരികൾക്കാണ് മരണാനന്തര സഹായം നൽകി വരുന്നത്. 70 വയസ്സ് തികയുന്നതിനു മുൻപ് മരണമടയുന്ന റേഷൻ വ്യാപാരിയാണെങ്കിൽ 10,000/- രൂപയും കേരള റേഷൻ വ്യാപാരി ക്ഷേമനിധി അംഗമായതിനുശേഷം 1 വർഷത്തെ സർവ്വീസിന് 1000/- രൂപയും ചേർത്ത് ആക്ടിലെ രണ്ടാം പട്ടിക പ്രകാരമാണ് ധനസഹായം നൽകി വരുന്നത്. ആയത് പ്രകാരം 30 വർഷം സേവനം ചെയ്ത ആൾക്ക് 40,000/- രൂപയാണ് പരമാവധി നൽകാവുന്ന ധനസഹായമായി നിജപ്പെടുത്തിയിരിക്കുന്നത്. ടി മാനദണ്ഡം പുതുക്കുന്നതിനും പരമാവധി 30 വർഷം സർവ്വീസ് ഉള്ള വ്യാപാരി മരണമടഞ്ഞാൽ 2,00,000/- രൂപയായി വർദ്ധിപ്പിക്കാനുള്ള പുതിയ ശിപാർശ പരിശോധിച്ചു വരുന്നു. കോവിഡ്-19 ബാധിച്ച് മരണമടയുന്ന റേഷൻ വ്യാപാരികൾക്കും സെയിൽസ്മാൻമാർക്കും ഇൻഷുറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ